പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2462 13.02.2013 -ൽ മറുപടിക്ക്.

## സായൂജ്യം ഭൂവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി . തിലോത്തമൻ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സായൂജ്യം ഭൂ-വികസനപദ്ധതി ചേർത്തല താലൂക്കിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത പദ്ധതിയുടെ നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (ബി) 2012-13 വർഷത്തെ ബജറ്റ് പ്രസംഗത്തിലൂടെയുള്ള പ്രഖ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനുവേണ്ടി ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സായൂജ്യം ഭൂ-വികസന പദ്ധതി. വീട് നിർമ്മാണത്തിനായി പ്ലോട്ടുകൾ ആവശ്യമുള്ളവരും പ്ലോട്ടിന്റെ വിൽപ്പനവില ബോർഡിൽ മുൻകൂറായി അടയ്ക്കാൻ തയ്യാറുള്ളവരുമായ ഇടത്തരം വരുമാനക്കാരാണ് (MIG) പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളെ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപായി കണ്ടെത്തി അവരിൽ നിന്നും വിൽപ്പനവില ഘട്ടങ്ങളിലായി മുൻകൂറായി സ്വീകരിച്ചുകൊണ്ടു പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ പത്രപരസ്യത്തിലൂടെ/ബോർഡിന്റെ വെബ് സൈറ്റിലൂടെ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും താൽപര്യമുള്ള ഉപഭോക്താക്കളെ ബോർഡ് നിശ്ചയിക്കുന്ന upset price പ്രകാരം |

|  |  |  |  |
|---|---|---|---|
| | | | പൊതുലേലം/ടെൻണ്ടർ നടപടക്രമങ്ങളിലൂടെ കണ്ടെത്തുന്നതുമാണ്. പദ്ധതിയ്ക്കായി കണ്ടെത്തുന്ന ഉപഭോക്താക്കളുമായി എഗ്രിമെൻറ് വച്ച് വിൽപ്പനവിലയുടെ 80% തുക പദ്ധതി തുടങ്ങുന്നതിന് മുൻപായി ശേഖരിക്കുന്നതും ബാക്കി തുക 10% വീതമുള്ള രണ്ടു തവണകളായി 2 മാസത്തിലൊരിക്കൽ വീതം ശേഖരിക്കുന്നതുമാണ്. ഇപ്രകാരം ചെയ്യുന്നതിലൂടെ അവികസിത ഭൂമിയുടെ വില ആദ്യംതന്നെ ഈടാക്കാനും പദ്ധതി നടപ്പിലാക്കാനുള്ള (വികസനപ്രവർത്തനങ്ങൾക്കുള്ള) തുക മുൻകൂറായി ലഭ്യമാക്കുന്നതുമാണ്. പദ്ധതി പ്രദേശത്തിൻെറ സമീപ പ്രദേശങ്ങളിലെ വികസിത ഭൂമിയുടെ മാർക്കറ്റ് വിലനിരക്ക് പരിശോധിച്ച് അതിൻെറ അടിസ്ഥാനത്തിലാണ് പൊതുലേലം/ക്വട്ടേഷൻ വ്യവസ്ഥയിൽ പ്ലോട്ടുകൾ വിൽക്കുന്നതിനുള്ള up set price ( അടിസ്ഥാനവില)നിശ്ചയിക്കുന്നത്. |
| (സി) | ഭവന നിർമ്മാണ ബോർഡ് സായുജ്യം ഭൂവികസന പദ്ധതി പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ എന്തിനുവേണ്ടിയാണ് ചേർത്തല യിലടക്കം ബോർഡിൻെറ കൈവശമുണ്ടായിരുന്ന ഭൂമി വിറ്റു കളഞ്ഞത് എന്ന് വ്യക്തമാക്കാമോ; | (സി) | സായൂജ്യം ഭൂ-വികസന പദ്ധതി സർക്കാർ പ്രഖ്യാപിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ് തന്നെ ഭൂമി വിറ്റിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഭവനനിർമ്മാണബോർഡിൻെറ കൈവശമുണ്ടായിരുന്ന ഭൂമി വിൽപ്പന നടത്തിയപ്പോൾ വാങ്ങിയവർ ഭൂരിഭാഗവും വൻകിട ഭൂമിക്കച്ചവടക്കാരും റിയൽ എസ്റ്റേറ്റ്, ഫ്ലാറ്റ് ബിസിനസ് നടത്തുന്നവരും ആയിരുന്നുവെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ